(ഡി) പാഠ്യപദ്ധതി പരിഷ്ക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ലാബോറട്ടറികൾ കാലാനുസൃതമായി പുതുക്കിയ സിലബസ് അനുസരിച്ച് പരിഷ്ക്കരിക്കുന്നതിനും അധ്യായനം മെച്ചപ്പെടുത്തുന്നതിന് ക്ലാസ് റൂമുകൾ ഹൈടെക് ക്ലാസ് റൂമുകളായി പരിഷ്ക്കരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള കമ്പ്യൂട്ടർലഭ്യത കണക്കിലെടുത്ത് 20 മുതൽ 40 കമ്പ്യൂട്ടറുകൾ വരെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഹൈടെക് ക്ലാസ് റും പദ്ധതി അനുസരിച്ച് എല്ലാ ക്ലാസ് റൂമുകളും സ്മാർട്ട് ക്ലാസ് റൂമുകളാക്കുന്നതിന് വേണ്ട താഴെപ്പറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അനുവാദവും ഫണ്ടും എല്ലാ സർക്കാർ പോളിടെക്നിക്കുകൾക്കും നൽകിയിട്ടുണ്ട്.

എൽ.സി.ഡി പ്രൊജക്ടർ-1
ലാപ്ടോപ്പ്-1
സ്ക്രീൻ-1

} ഒരു ക്ലാസ് റൂമിന് എന്ന കണക്കിൽ നൽകുന്നതിന് നടപടിയായിട്ടുണ്ട്.

ഡി) പോളിടെക്നിക് അദ്ധ്യായന സംവിധാനം ക്രെഡിറ്റ് & സെമസ്റ്റർ പദ്ധതിയാക്കി. ഒന്നും രണ്ടും സെമസ്റ്റർ സിലബസ് പരിഷ്ക്കരണം പൂർത്തിയാക്കി ബാക്കിയുള്ള 3 മുതൽ 6 വരെയുള്ള സെമസ്റ്ററുകളുടെ സിലബസ് പരിഷ്ക്കരണം അവസാന ഘട്ടത്തിലാണ്.

പോളിടെക്നിക്കുകളിൽ വിവര സാങ്കേതിക വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ

71 (2076) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പോളിടെക്നിക്കുകളിൽ വിവര സാങ്കേതിക വിദ്യാഭ്യാസത്തിന് ഈ വർഷം എന്തൊക്കെ സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് എന്നറിയിക്കുമോ ;

(ബി) കേന്ദ്രീകൃത കമ്പ്യൂട്ടിംഗ് സംവിധാനം ഏർപ്പെടുത്താനായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം സംവിധാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാനാകാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നാഷണൽ മിഷൻ ഓൺ എഡ്യൂക്കേഷൻ ത്രൂ ഇൻഫർമേഷൻ ടെക്നോളജി & കമ്മ്യൂണിക്കേഷൻ (എൻ.എം.ഇ.ഐ.സി.ടി.) പദ്ധതിയിൽപ്പെടുത്തി ഈ വർഷം എന്തൊക്കെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാകും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 1. എല്ലാ ക്ലാസ് റൂമുകളും സ്മാർട്ട് ക്ലാസ് റൂം ആക്കിക്കഴിഞ്ഞു.

2. നാഷണൽ മിഷൻ ഓൺ എഡ്യൂക്കേഷൻ ത്രൂ ഇൻഫർമേഷൻ ടെക്നോളജി ആന്റ് കമ്മ്യൂണിക്കേഷൻ (N.M.E.I.C.T) പദ്ധതി പ്രകാരം എല്ലാ പോളിടെക്നിക്കുകളിലും അതിവേഗ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കി.

3. ചെന്നൈ NITTTR വികസിപ്പിച്ച ഇലക്ട്രോണിക് പഠനസഹായികൾ എല്ലാ പോളിടെക്നിക്കുകളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു.

(ബി) വിവിധ സർക്കാർ പോളിടെക്നിക്കുകളിൽ 20-40 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കി.

(സി) സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഈ പദ്ധതി പ്രകാരം എല്ലാ പോളിടെക്നിക്കുകളിലും അതിവേഗ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കി.

ശാസ്ത്ര സാങ്കേതിക വിദ്യാലയങ്ങളിലെ പഠനകാലയളവിൽ വിദ്യാർത്ഥികൾക്ക് വ്യാവസായിക വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിന് പദ്ധതികൾ

72 (2077) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക വിദ്യാലയങ്ങളിലെ പഠന കാലയളവിൽ തന്നെ വിദ്യാർത്ഥികൾക്ക് വ്യാവസായിക വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ;

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലൈഫ് കെയറും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജും വ്യാവസായ വിദ്യാഭ്യാസ മേഖലാ വികസനം പ്രാവർത്തികമാക്കാനായി എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കിവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly